

ഹരിതകേരളം മിഷൻ

# വേങ്ങോട്
# ആദ്യ
# പച്ചത്തുരുത്ത്

# വേങ്ങോട്
# ആദ്യപച്ചത്തുരുത്ത്


ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമ്മ പദ്ധതി
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

എഡിറ്റർ
**എസ്.യു. സഞ്ജീവ്**
അസിസ്റ്റന്റ് കോർഡിനേറ്റർ
കൃഷി ഉപമിഷൻ, ഹരിതകേരളം മിഷൻ

തയ്യാറാക്കിയത്
**ബി. മനോജ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഹരിതകേരളം മിഷൻ

**സൽമ നസ്രീൻ**
യംഗ് പ്രൊഫഷണൽ
കൃഷി ഉപമിഷൻ, ഹരിതകേരളം മിഷൻ

കവർ ഡിസൈൻ, ലേഔട്ട്
**പ്രദീപ് ഓർക്കാട്ടേരി**

ഡി റ്റി പി
**ഫൗസിയ പി.എ.**
**രജനി വി.എസ്.**

നിർവഹണ സഹായം
**ശ്രീലക്ഷ്മി യു.**

പ്രസിദ്ധീകരണം
**ഹരിതകേരളം മിഷൻ**
ഉപ്പളം റോഡ്, സ്റ്റാച്യു
തിരുവനന്തപുരം1
www.haritham.kerala.gov.in

അച്ചടി
**ഗ്രാമലക്ഷ്മി മുദ്രാലയം**
കോപ്പി: 200
സെപ്തംബർ 2025

# അവതാരിക

ഭൂമിയുടെ ആരോഗ്യം നിലനിർത്തുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിനും എന്തൊക്കെ ചെയ്യാമോ അതൊക്കെ ചെയ്യാൻ നാമേവരും പ്രതിജ്ഞാബദ്ധരാണ്. ഇതുവരെയുള്ള ജീവിതാനുഭവ പാഠങ്ങളിൽ നിന്നും രൂപപ്പെടുത്തിയ പാരിസ്ഥിതിക ബോധത്തിന്റെ വെളിച്ചത്തിൽ നാടിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥ വീണ്ടെടുക്കേണ്ടത് നമ്മുടെ കടമയാണ്. ഇതിൽ നിന്നാണ് പച്ചത്തുരുത്ത് എന്നൊരു നൂതനാശയത്തിലേക്ക് ഹരിതകേരളം മിഷൻ എത്തിച്ചേരുന്നത്.

കൂട്ടമായി വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നത് ഒറ്റമരം ഒറ്റപ്പെട്ട ഇടങ്ങളിൽ നടുന്നതിനേക്കാൾ ഫലപ്രദമാണെന്ന ബോധ്യവും പച്ചത്തുരുത്തുകൾക്ക് പിന്നിലുണ്ട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ യാഥാർത്ഥ്യമാക്കിയ പച്ചത്തുരുത്ത് എന്ന ആശയത്തിനു പിന്നിൽ പരിസ്ഥിതിരംഗത്തെ വിദഗ്ദ്ധരുമായും പ്രായോഗിക പരിചയസമ്പത്തു നേടിയവരുമായും നടത്തിയ കൂടിയാലോചനകളും ചർച്ചകളും ഉണ്ടായിരുന്നു. വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളുമായി നിരന്തരം ആശയവിനിമയം നടത്തിയാണ് പച്ചത്തുരുത്ത് എന്ന ആശയത്തിന് ഉൾക്കാഴ്ച പകർന്നത്.

മികച്ച തുടക്കം ഏതൊരു പദ്ധതിയുടെയും വിജയത്തിന്റെ ശുഭസൂചകമാണല്ലോ. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്കും, പച്ചത്തുരുത്ത് പദ്ധതിക്കും ഊർജദായമായ ഉപദേശ നിർദ്ദേശങ്ങൾ നൽകുന്ന ബഹു. മുഖ്യമന്ത്രി നീർമാതളത്തൈ നട്ട് 2019 ജൂൺ 5 ന് ഉദ്ഘാടനം ചെയ്ത പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് സ്ഥാപിച്ച ആദ്യ പച്ചത്തുരുത്ത് ജൈവവൈവിധ്യത്തിന്റെ മാതൃകയാണ്. ആദ്യ പച്ചത്തുരുത്തിന്റെ പിറവിയും പൂർത്തീകരണവും സവിശേഷതകളും വിഷയമാക്കിയുള്ള ഈ ലഘു പുസ്തകം പച്ചത്തുരുത്തുകളുടെ നാൾവഴിയിലെ സുപ്രധാന രേഖയായിരിക്കും.



**ഡോ. ടി.എൻ. സീമ**





# മുഖവുര

വെള്ളം, വൃത്തി, വിളവ് എന്ന ആശയം മുൻനിർത്തി പ്രകൃതിയിലെ പ്രധാന ഘടകങ്ങളായ മണ്ണ്, ജലം, വായു എന്നിവയെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് ഹരിതകേരളം മിഷൻ നിർവഹിച്ചുവരുന്നത്.

അതിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങളിൽ ഒന്നാണ് പച്ചത്തുരുത്ത്. പ്രാദേശിക ജൈവവൈവിധ്യം ഉറപ്പാക്കിയുള്ള പച്ചത്തുരുത്തുകൾ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിലെ സഫലമായ സംരംഭമാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും ജൈവവൈവിധ്യ നഷ്ടത്തിന്റെയും വർദ്ധിച്ചുവരുന്ന അന്തരീക്ഷ മലിനീകരണത്തിന്റെയും മാലിന്യ പ്രശ്നങ്ങളുടെയും അപകടഘട്ടത്തിൽ പച്ചത്തുരുത്തുകളുടെ പ്രസക്തി വർദ്ധിക്കുകയാണ്. പ്രകൃതിയെ നമുക്ക് ലഭിച്ചതിനേക്കാൾ മെച്ചപ്പെട്ട നിലയിൽ വരുംതലമുറകൾക്ക് കൈമാറാനുള്ള ഉത്തരവാദിത്തം നാമേവരും സഗൗരവം ഏറ്റെടുക്കണം. അതിൽ ഒരു പടവായി കേരളത്തിലെ പച്ചത്തുരുത്തുകളെ കണക്കാക്കാം.



# പച്ചത്തുരുത്ത് പദ്ധതി

തരിശുഭൂമിയിൽ പച്ചപ്പൊരുക്കാനുള്ള ഹരിത കേരളം മിഷന്റെ നൂതനാശയമാണ് പച്ചത്തുരുത്ത് പദ്ധതി. പൊതു സ്ഥലങ്ങളിലുൾപ്പെടെ തരിശ് നിലങ്ങൾ കണ്ടെത്തി തനതായ വൃക്ഷങ്ങളും തദ്ദേശീയമായ സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക ജൈവ വൈവിധ്യ തുരുത്തുകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കാനാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഇതിനായി സ്ഥലങ്ങൾ കണ്ടെത്തുന്നത്. സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളുടെ ഭൂമി, പുറമ്പോക്കുകൾ, നഗരഹൃദയങ്ങളിലും മറ്റും ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിലെല്ലാം പച്ചത്തുരുത്ത് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങളാണ്.

ചുരുങ്ങിയത് അര സെന്റ് മുതൽ കൂടുതൽ വിസ്തൃതിയുള്ള ഭൂമിയിൽ പച്ചത്തുരുത്തുകൾ സ്ഥാപിക്കാം. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്നതിനും ഹരിതഗൃഹവാതകങ്ങളുടെ സാന്നിദ്ധ്യംകൊണ്ടുണ്ടാകുന്ന അഗോള താപനത്തെ ചെറുക്കുന്നതിനും പച്ചത്തുരുത്തുകൾക്ക് നിർണായക പങ്ക് വഹിക്കാനാകും. അന്തരീക്ഷത്തിലെ അധിക കാർബണിനെ ആഗിരണം ചെയ്ത് സംഭരിച്ച് സൂക്ഷിക്കുന്ന കാർബൺ കലവറകളായി വർത്തിക്കുന്ന പച്ചത്തുരുത്തുകൾ പ്രാദേശിക ജൈവവൈവിധ്യ സംരക്ഷണവും ഉറപ്പാക്കും.

ജൈവ വൈവിധ്യ ബോർഡ്, കൃഷി വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വനം വകുപ്പിന്റെ സാമൂഹ്യ വനവത്കരണ വിഭാഗം, പരിസ്ഥിതി സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പച്ചത്തുരുത്ത് സൃഷ്ടിക്കുന്നത്. പച്ചത്തുരുത്ത് പ്രവർത്തനങ്ങളെ സഹായിക്കാനായി പരിസ്ഥിതി പ്രവർത്തകർ, ജൈവ വൈവിധ്യ മേഖലയിലെ വിദഗ്ധർ, ജനപ്രതിനിധികൾ, പ്രാദേശിക സാമൂഹിക പ്രവർത്തകർ എന്നിവരുൾപ്പെടുന്ന ജില്ലാതല സാങ്കേതിക സമിതികളുണ്ടാകും. വിത്തിനങ്ങൾ കണ്ടെത്തൽ, വൃക്ഷങ്ങളുടെ തിരിച്ചറിയൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടെ പച്ചത്തുരുത്ത് നിർമ്മിതിക്കാവശ്യമായ സാങ്കേതിക സഹായങ്ങൾ ഈ സമിതികളാണ് നൽകുന്നത്.

# വേങ്ങോട് ആദ്യ പച്ചത്തുരുത്ത്

ഹരിത കേരളം മിഷൻ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പച്ചത്തുരുത്ത് പദ്ധതിയിലെ ആദ്യത്തെ പച്ചത്തുരുത്ത് തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിൽ വേങ്ങോട് കുടുംബാരോഗ്യ വളപ്പിലാണ് സ്ഥിതിചെയ്യുന്നത്. 2019 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ നീർമാതളത്തിന്റെ തൈ നട്ട് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ് പദ്ധതിക്ക് തുടക്കം കുറിച്ചത്. അന്ന് കൃഷിമന്ത്രിയായിരുന്ന ശ്രീ. വി.എസ്. സുനിൽകുമാർ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു. മുൻവർഷങ്ങളിൽ വലിയ തോതിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാനുള്ള ശ്രമങ്ങൾ സർക്കാർ നടത്തിയിരുന്നതായും നല്ല വിജയം അതിൽ നേടാൻ കഴിഞ്ഞുവെന്നും മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ നിന്ന് : ‘‘നട്ട വൃക്ഷത്തൈകൾ സംരക്ഷിക്കാനും പരിപാലിക്കാനുമുള്ള ഒരു സംസ്കാരം നാട്ടിൽ ഉയർന്നുവന്നിട്ടുണ്ട്. ഇവിടെ നാം ഒരുപടികൂടി മുന്നോട്ടു പോവുകയാണ്. കൂട്ടത്തോടെ വൃക്ഷ തൈകൾ വച്ചുപിടിപ്പിക്കുകയാണ്. അങ്ങനെ ചെറിയൊരു കാട് രൂപം കൊള്ളുകയാണ്. അതാണ് ഹരിത കേരളം മിഷൻ വിഭാവനം ചെയ്യുന്ന പച്ചത്തുരുത്ത്. ഇത്തരത്തിലുള്ള പച്ചത്തുരുത്തുകൾ എല്ലായിടങ്ങളിലുമുണ്ടാകാൻ താൽപ്പര്യമെടുക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാത്രമല്ല ആവശ്യത്തിന് സ്ഥലമുള്ള ഓരോ വ്യക്തിക്കും കുടുംബത്തിനും പച്ചത്തുരുത്തുകൾ സൃഷ്ടിക്കാൻ സാധിക്കും. ഒരു ചെറിയ പ്രദേശമെടുത്താൽ ആവശ്യാനുസരണം തൈകൾ നട്ട് പച്ചത്തുരുത്ത് രൂപപ്പെടുത്താനാവും. ഇങ്ങനെ ഈ സംസ്കാരം നമുക്ക് വ്യാപിപ്പിക്കാനാകും.’’

പച്ചത്തുരുത്തിനെക്കുറിച്ച് തയ്യാറാക്കിയ കൈപ്പുസ്തകവും 2019 ജൂൺ 5 ന് നടന്ന ചടങ്ങിൽ പ്രകാശനം ചെയ്തു. അന്നേദിവസം തന്നെ കേരളത്തിലെ 250 ഗ്രാമപഞ്ചായത്തുകളിലായി 500-ഓളം ഏക്കറിൽ പച്ചത്തുരുത്ത് പദ്ധതിക്ക് തുടക്കമിട്ടു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, വനം വകുപ്പിന്റെ സാമൂഹിക വനവൽക്കരണ വിഭാഗം, പരിസ്ഥിതി സംഘടനകൾ തുടങ്ങിയവരുടെ സഹകരണത്തോടെ പോത്തൻകോട് ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് സംസ്ഥാനത്തെ



ആദ്യ പച്ചത്തുരുത്ത് മണലകം വാർഡിലുള്ള വേങ്ങോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ യാഥാർത്ഥ്യമായത്. അഞ്ച് സെന്റ് വിസ്തൃതി യിലാണ് ഈ പച്ചത്തുരുത്ത്. പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ 2015-20 ലെയും 2020-25 ലെയും ഭരണസമിതികൾ ഈ പച്ചത്തുരത്തിന് നൽകുന്ന ശ്രദ്ധയും പരിഗണനയും എടുത്തു പറയേണ്ടതാണ്. തുടക്കം മുതൽ ഇതിന്റെ പരിപാലനം നിർവഹിക്കുന്നതിൽ പോത്തൻകോട് ഗ്രാമപഞ്ചായത്തും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തകരും നാട്ടുകാരും നൽകിയ സംരക്ഷണത്തിൽ വേങ്ങോട് പച്ചത്തുരുത്ത് അക്ഷരാർത്ഥത്തിൽ പച്ചപിടിച്ചു വളർന്നുതുടങ്ങി.

ആദ്യവർഷം പിന്നിടുമ്പോൾതന്നെ ഈ പച്ചത്തുരുത്ത് ലക്ഷണമൊത്ത പച്ചത്തുരത്തായി വളർന്നു തുടങ്ങിയിരുന്നു. മുളങ്കൂട്ടത്തിലെ മുകളിലെ ചില്ലയിൽ കിളികൾ കൂടുകൂട്ടി തുടങ്ങി. തൊട്ടടുത്ത ഒരു മരത്തിൽ തേനീച്ചയും കൂടൊരുക്കി. വിവിധതരം കൂണുകളും മുളച്ചു. ജൈവ വൈവിധ്യം പ്രകടമായി തുടങ്ങി. പൂക്കളായി, ശലഭങ്ങളായി, കിളികളായി, ഔഷധ സസ്യങ്ങളുടെ സ്രോതസ്സായി, പ്രാദേശികമായി വളരുന്ന ചെടികളുടെയും ഫലവൃക്ഷങ്ങളുടെയും സങ്കേതികമായി





പച്ചത്തുരുത്ത് വളർന്നു. ഒരുവർഷം കൊണ്ട് ഒരു ജൈവ വൈവിധ്യ ആവാസ വ്യവസ്ഥതന്നെ അവിടെ രൂപപ്പെട്ടു എന്ന് ചുരുക്കം.

ഇതിനകം തന്നെ വേങ്ങോട് പച്ചത്തുരുത്ത് സംസ്ഥാനത്ത് ശ്രദ്ധ നേടിക്കഴിഞ്ഞിരുന്നു. ഹരിത കേരളം മിഷന്റെ എല്ലാ ജില്ലകളിൽനിന്നുമുള്ള റിസോഴ്സ് പേഴ്സൺമാർ ഉൾപ്പെടെയുള്ളവരും സസ്യ ശാസ്ത്ര വിദ്യാർത്ഥികളും ഇവിടം സന്ദർശിക്കാൻ തുടങ്ങി.

മൂന്നുവർഷം പൂർത്തിയാകാറായപ്പോൾ ആദ്യ പച്ചത്തുരുത്തിലെ ആദ്യ തൈയായ നീർമാതളം വളർന്നു പൂത്തു. ചെടികളെല്ലാം പുഷ്ടി പ്രാപിച്ചു. അതിൽ കിളികളും പറന്നെത്തി. ഒട്ടുമിക്ക ചെടികളും വളർന്നു വലുതായി. ജൈവവേലി സമൃദ്ധമായി തന്നെ വളർന്നു.

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യയിലെ റസിഡന്റ് കോർഡിനേറ്റർ ഷോംബിഷാർപ്പും സംഘവും വേങ്ങോട് പച്ചത്തുരുത്ത് സന്ദർശിച്ചതും പഠനം നടത്തിയും നവ്യാനുഭവമായി. ഒരുമണിക്കൂറോളം പച്ചത്തുരുത്തിൽ ചെലവാക്കിയ സംഘം ഇവിടെ മൂന്ന് വൃക്ഷത്തൈകളും നട്ടു. പരിസ്ഥിതി പുനഃസ്ഥാപനത്തിൽ പച്ചത്തുരുത്ത് വഹിച്ച പങ്കിനെക്കുറിച്ച് കേട്ടറിഞ്ഞ സംഘം അഭിനന്ദനം അറിയിച്ചാണ് മടങ്ങിയത്.

വേങ്ങോട് നിന്നാരംഭിച്ച പച്ചത്തുരുത്ത് പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിക്കുകയാണ്. നിലവിൽ (2025 ആഗസ്റ്റ് വരെ) 1272.89 ഏക്കറിലായി 4030 പച്ചത്തുരുത്തുകളാണ് കേരളത്തിലുള്ളത്.



# സസ്യ സമൃദ്ധം വേങ്ങോട് പച്ചത്തുരുത്ത്

തിരുവനന്തപുരം ജില്ലയിലെ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ വേങ്ങോട് എന്ന സ്ഥലത്തെ കുടുംബാരോഗ്യകേന്ദ്രത്തിന്റെ സമീപത്തായിട്ടാണ് ഈ പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത്. ഔഷധസസ്യങ്ങളാൽ സമ്പന്നമായ ഈ പച്ചത്തുരുത്തിൽ നിലവിൽ 34 ഇനങ്ങളിലായി 80 ലധികം സസ്യങ്ങളാണുള്ളത്. ഈ പച്ചത്തുരുത്തിന്റെ സംരക്ഷണത്തിനായി മുള, ആടലോടകം, മയിലാഞ്ചി, ചെമ്പരത്തി എന്നിവ കൊണ്ട് തയ്യാറാക്കിയ ജൈവവേലിയും ഉണ്ട്. ഈ പച്ചത്തുരുത്ത് ആരംഭിച്ച സമയത്ത് ആനച്ചുവടി, കുടങ്ങൽ, തഴുതാമ, വിവിധ ഇനം തുളസികൾ തുടങ്ങിയ നിരവധി ഔഷധികളാൽ സമ്പന്നമായിരുന്നു ഇവിടം. എന്നാൽ മറ്റു വൃക്ഷത്തൈകൾ വളർന്നു തുടങ്ങിയപ്പോൾ താഴെ തട്ടിലുള്ള സസ്യങ്ങൾക്ക് സൂര്യപ്രകാശം ലഭിക്കാതെ വരികയും അവ ക്രമേണ ക്ഷയിക്കുകയുമാണുണ്ടായത്. കൂടാതെ കല്ലുവാഴ എന്നറിയപ്പെടുന്ന സസ്യവും ഈ പച്ചത്തുരുത്തിന്റെ ഭാഗമായിരുന്നു. ആദ്യഫലം ഉണ്ടായതിനുശേഷം അത് നശിച്ചു. ഈ പച്ചത്തുരുത്തിന്റെ പ്രധാന സസ്യങ്ങളെക്കുറിച്ചുള്ള ഹ്രസ്വവിവരണം ചുവടെ.



## ആടലോടകം

*ശാസ്ത്രീയ നാമം* : *Adhatoda vasica*

*സസ്യകുടുംബം* : *Acanthaceae*

രണ്ടു മുതൽ മൂന്ന് മീറ്റർ വരെ ഉയരത്തിൽ എല്ലാ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും വളരുന്ന നിത്യഹരിതമായ ഒരു കുറ്റിച്ചെടിയാണ് ആടലോടകം. ആടലോടകത്തിന്റെ ഇലയ്ക്കും മറ്റ് ഭാഗങ്ങൾക്കും കയ്പ്പ് രുചിയാണുള്ളത്.. ഇതിന്റെ ഇല, വേര്, പൂവ്, കായ എന്നിവ ഔഷധയോഗ്യമാണ്. വെളുത്ത നിറത്തിലുള്ള പൂക്കളാണ് ഇവയ്ക്കുള്ളത്, ഇതളുകളുടെ നടുവിൽ മഞ്ഞ,ചുവപ്പ് നിറത്തിലുള്ള ചെറിയ പുള്ളികൾ കാണപ്പെടുന്നു. ഇവയുടെ ഇല പച്ചിലവളമായും കീടനാശിനി തയ്യാറാക്കുന്നതിനും ഉപയോഗിക്കാറുണ്ട്. കീടരോഗ ആക്രമണത്തെ ചെറുക്കുന്നതിനാൽ പച്ചക്കറി തോട്ടത്തിലും മറ്റും ഫലപ്രദമായ ജൈവവേലി തയ്യാറാക്കുന്നതിനായി ആടലോടകം ഉപയോഗിക്കാറുണ്ട്.

## അങ്കോലം

*ശാസ്ത്രീയ നാമം* : *Alangium salvifolium*

*സസ്യകുടുംബം* : *Alangiaceae*

സമതല പ്രദേശങ്ങളിലും കുന്നിൻ ചരുവുകളിലും സ്വാഭാവികമായി കാണപ്പെട്ടിരുന്ന ചെറുവൃക്ഷമായി വളരുന്ന ഒരു ഔഷധസസ്യമാണ് അങ്കോലം. ഏകദേശം 15 മീറ്ററോളം ഉയരത്തിൽ ഇവ വളരാറുണ്ട്. ഇവയുടെ പൂക്കൾ വെളുത്ത നിറത്തിലുള്ളവയും, സുഗന്ധമുള്ളവയും ആണ്,ഇവ കുലകളായാണ് കാണപ്പെടുന്നത്. ഇവയുടെ വേര് ,പുറംതൊലി, കായ എന്നീ ഭാഗങ്ങൾ വിവിധ രോഗങ്ങളുടെ ചികിത്സയ്ക്കായി ഉപയോഗിക്കാറുണ്ട്. പേപ്പട്ടി വിഷം, ഉയർന്ന രക്ത സമ്മർദ്ദം എന്നിവയുടെ ചികിത്സയ്ക്കായി ഇവ ഉപയോഗിക്കാറുണ്ട്.





## ചിറ്റരത്ത

*ശാസ്ത്രീയ നാമം :* Alpinia calcarata
*സസ്യകുടുംബം :* Alangiaceae

കേരളത്തിന്റെ മലയോര പ്രദേശങ്ങളിൽ വ്യാപകമായി കൃഷി ചെയ്തുവരുന്ന ഒരു സസ്യമാണ് ചിറ്റരത്ത. കേരളത്തിൽ ഔഷധാവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്ന ഈ സസ്യം ഉത്തരേന്ത്യയിൽ സുഗന്ധ വിളയായാണ് ഉപയോഗിക്കുന്നത്. ഏകദേശം ഒന്ന് മുതൽ ഒന്നര മീറ്റർ വരെ ഉയരത്തിൽ വളരുന്ന ചിറ്റരത്തയുടെ കിഴങ്ങുകളാണ് ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. പച്ചകലർന്ന വെള്ളനിറത്തിലാണ് ഇവയുടെ പൂക്കൾ കാണപ്പെടുന്നത്. പ്രമേഹം, വാതരോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്കായി ഈ സസ്യം ഉപയോഗിച്ച് വരുന്നു.

## മരമഞ്ഞൾ

*ശാസ്ത്രീയ നാമം :* Coscinium fenestratum
*സസ്യകുടുംബം :* Menispermaceae

പശ്ചിമഘട്ടത്തിൽ കാണപ്പെടുന്ന വംശനാശഭീഷണി നേരിടുന്ന സസ്യമാണ് മരമഞ്ഞൾ.മറ്റു വൃക്ഷങ്ങളെചുറ്റി വളരുന്ന കരുത്തുറ്റ വള്ളികളുള്ള ഒരു സസ്യമാണ് മരമഞ്ഞൾ. വേരുകളും തണ്ടുകളും മുറിച്ചുനോക്കിയാൽ മഞ്ഞളിന്റെ നിറം ഉള്ളതുകൊണ്ടാണ് ഇതിനെ മരമഞ്ഞൾ എന്ന് വിളിക്കുന്നത്. ഇവയുടെ ഇലകൾ വെറ്റിലയുടെ ഇലയ്ക്ക് സമാനവും കട്ടിയുള്ളതും മിനുസമുള്ളതുമാണ്. ഇവയുടെ വള്ളികളിൽ നിന്നും നേരിട്ടാണ് പൂങ്കുലകൾ ഉണ്ടാവുന്നത്. മരമഞ്ഞളിൽ ആൺ ചെടികളും പെൺചെടികളും വെവ്വേറെ കാണപ്പെടുന്നു. പുതിയ തൈകൾ ഉണ്ടാകുന്നത് വേരിൽ നിന്നും പൊട്ടിമുളച്ചിട്ടാണ്. മരമഞ്ഞളിന്റെ തണ്ടിൽ നിന്നും മഞ്ഞച്ചായം ഉണ്ടാക്കാറുണ്ട്. മഞ്ഞപ്പിത്തം, ത്വക്ക് രോഗം,സൂക്ഷ്മരോഗാണുക്കൾ കൊണ്ടുള്ള അസുഖം ഇവയുടെ ചികിത്സയ്ക്കയും മരമഞ്ഞൾ ഉപയോഗിക്കാറുണ്ട്. കൂടാതെ ആധുനിക സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിനും മരമഞ്ഞൾ ഉപയോഗിക്കാറുണ്ട്.





## നീർമാതളം

*ശാസ്ത്രീയ നാമം : Crataeva religiosa*
*സസ്യകുടുംബം : Capparidaceae*

നദീതീരങ്ങളിലും മറ്റും കാണപ്പെടുന്ന ഇല കൊഴിയും വൃക്ഷമാണ് നീർമാതളം.ഏകദേശം 9 മുതൽ 12 മീറ്റർ വരെ ഉയരത്തിൽ ഇവ വളരാറുണ്ട്.ഇവയുടെ പുറംതൊലി ചാര നിറത്തിലും പുറം തൊലിയിൽ നിറയെ ചുളിവുകളും കാണപ്പെടുന്നു.ഒരു തണ്ടിൽ മൂന്നിലകൾ കാണപ്പെടുന്ന ഇവയുടെ ഇലയുടെ അറ്റം കൂർത്തതാണ്.ഇവയുടെ ഇല ഞെരടുമ്പോൾ ദുർഗന്ധവും ഇലയ്ക്ക് കയ്പ്പ് രുചിയുമാണ് ഉണ്ടാവുക.ഡിസംബർ മുതൽ ഏപ്രിൽ മാസം വരെയാണ് നീർമാതളത്തിൽ പൂക്കൾ ഉണ്ടാകുന്നത്.കുലകളായി കാണപ്പെടുന്ന ഇവയുടെ പൂക്കൾക്ക് മഞ്ഞകലർന്ന വെളുപ്പ് നിറമാണ് ഉള്ളത്. ഇല, പട്ട, വേരിലെ തൊലി എന്നിവ വിവിധ ഔഷധ ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നുണ്ട്.എല്ലുകളുടെ ആരോഗ്യം വർധിപ്പിക്കുന്നതിനും,ഹൃദയാരോഗ്യം മെച്ചപ്പെടുത്തുന്നതിനും ഇവയിൽ നിന്നും തയ്യാറാക്കുന്ന ഔഷധങ്ങൾ ഉപയോഗിക്കാറുണ്ട്.

## മരോട്ടി

*ശാസ്ത്രീയ നാമം : Hydnocarpus pentandra*
*സസ്യകുടുംബം : Flacourtiaceae*

10 മുതൽ 15 മീറ്റർ വരെ ഉയരത്തിൽ വളരുന്ന നിത്യഹരിതമായ ഒരിടത്തരം വൃക്ഷമാണ് മരോട്ടി.ഇവയുടെ പുറംതൊലി വെളുത്ത നിറത്തിലാണ് കാണപ്പെടുന്നത്. പുറംതൊലിക്ക് ദുർഗന്ധവാറും കാണപ്പെടുന്നു. ഇവയുടെ പുറംതൊലിയിൽ അനേകം ചാലുകൾ കാണപ്പെടുന്നുണ്ട്.ഇവയുടെ പൂക്കൾ വെള്ള നിറത്തിൽ ഒറ്റയായോ കൂട്ടമായോ കാണപ്പെടുന്നു. ഒരു ചെറിയ ഓറഞ്ചിന്റെ വലുപ്പമുള്ള ഉരുണ്ട ചാരനിറത്തിലുള്ള ഫലമാണ് ഇവയ്ക്കുള്ളത്. ഫലത്തിനകത്ത് മജ്ജ കൊണ്ട് പൊതിഞ്ഞിരിക്കുന്ന ഇളം മഞ്ഞനിറത്തിലുള്ള വിത്തുകളും ഇവയ്ക്ക് കാണപ്പെടുന്നു. മരോട്ടി മരത്തിന്റെ കുരുന്നില , വേര്, വിത്ത്, എണ്ണ എന്നിവയാണ് പ്രധാനമായും വിവിധ ഔഷധാവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നത്. ചർമ്മ രോഗം,കുഷ്ഠരോഗം,നേത്ര രോഗം എന്നിവയുടെ ചികിത്സയ്ക്കായി മരോട്ടിയിൽ നിന്നും തയ്യാറാക്കുന്ന ഔഷധങ്ങൾ ഉപയോഗിക്കാറുണ്ട്. കൂടാതെ കൃഷിയിടങ്ങളിൽ പുതയിടാനും, ചിതൽ ശല്യം ഒഴിവാക്കാനും, മരോട്ടി ഇല ജൈവ വളമായി ഉപയോഗിക്കാറുണ്ട്. മരോട്ടിക്കായയുടെ തോടിൽ എണ്ണ പകർന്നു തിരിയിട്ട് കത്തിക്കുന്നത് ശുദ്രജീവികളുടെ ശല്യം കുറയ്ക്കാൻ സഹായിക്കുന്നു.





## വെള്ള പൈൻ

*ശാസ്ത്രീയ നാമം : Vateria indica*

*സസ്യകുടുംബം : Dipterocarpaceae*

പശ്ചിമഘട്ടത്തിലെ തദ്ദേശീയ വൃക്ഷമായ വെള്ളപൈൻ ഏകദേശം 30 മീറ്റർ വരെ ഉയരത്തിൽ വളരാറുണ്ട്. ഇവയുടെ പുറം തൊലിക്ക് ചാരനിറമാണ് ഉള്ളത്. മാർച്ച് മുതൽ ആഗസ്ത് മാസം വരെയാണ് ഇവയിൽ പൂക്കൾ ഉണ്ടാകുന്നത്.ഇവയുടെ പൂക്കൾ വെള്ളനിറത്തിലുള്ളവയും സുഗന്ധമുള്ളവയും കുലകളായി കാണപ്പെടുന്നവയുമാണ്. ഇവയുടെ തൊലിയിൽ നിന്നും എടുക്കുന്ന റെസിൻ തൊണ്ടയ്ക്കുണ്ടാകുന്ന അസ്വസ്ഥതകൾ, തൊലിപ്പുറത്തുണ്ടാകുന്ന പ്രശ്നങ്ങൾ, അണുബാധ എന്നിവയുടെ ചികിത്സയ്ക്കായി ഉപയോഗിച്ച് വരുന്നു.വാർണിഷ്,മെഴുകുതിരി എന്നിവ തയ്യാറാക്കുന്നതിനായും ഇതിന്റെ വിത്തിൽ നിന്നും തയ്യാറാക്കുന്ന എണ്ണ ഉപയോഗിക്കാറുണ്ട്.

## കണിക്കൊന്ന

*ശാസ്ത്രീയ നാമം : Cassia fistula*

*സസ്യകുടുംബം : Fabaceae*

കേരള സംസ്ഥാനത്തിന്റെ ഔദ്യോഗിക പുഷ്പമായ കണിക്കൊന്ന ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തെക്കു കിഴക്കൻ ഏഷ്യയുടെ സമീപ പ്രദേശങ്ങളിലും കാണപ്പെടുന്നു.12 മുതൽ 15 മീറ്റർ വരെ ഉയരത്തിൽ വളരുന്ന വൃക്ഷമാണ് കണിക്കൊന്ന.ഇവയുടെ പുറംതൊലിയുടെ ബാഹ്യഭാഗം ചാര നിറത്തിലും അകവശം മഞ്ഞനിറത്തിലും കാണപ്പെടുന്നു. ഇലകൾ കടുംപച്ച നിറത്തിലുള്ളതും പൂക്കൾ മഞ്ഞനിറത്തിൽ കുലകളായി കാണപ്പെടുന്നവയും ആകുന്നു. ഇവയുടെ കായകൾക്ക് ഏതാണ്ട് 50 സെമിവരെ നീളമുണ്ടാകും. കണിക്കൊന്നയുടെ കായ,പുറം തൊലി,വേര് എന്നീ ഭാഗങ്ങളാണ് പ്രധാനമായും ഔഷധാവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നത്. പുഴുക്കടി, കഫം, വാതം, പിത്തം എന്നിവ ശമിപ്പിക്കുന്നതിനായും രക്തശുദ്ധി വർദ്ധിപ്പിക്കുന്നതിനായും കണിക്കൊന്ന ഉപയോഗിക്കാറുണ്ട്. കൊന്നത്തൊലിയിൽ ടാനിൻ അടങ്ങിയിട്ടുള്ളതിനാൽ തുകൽ സംസ്കരണത്തിനായി പണ്ട് ഇത് ഉപയോഗിച്ചിരുന്നു. ഇതിന്റെ തടി നല്ല ഈടും ഉറപ്പും ഉള്ളതിനാൽ കാർഷികോപകരണങ്ങൾ,തൂൺ,കഴ മുതലായവയുടെ നിർമ്മാണത്തിന് ഇതിന്റെ തടി അത്യുത്തമമാണ്.





## ഉങ്ങ്

*ശാസ്ത്രീയ നാമം : Pongamia pinnata*

*സസ്യകുടുംബം : Fabaceae*

പശ്ചിമഘട്ടത്തിലെ അർദ്ധ ഹരിത വനങ്ങളിലും പുഴകൾക്കും അരുവികൾക്കും സമീപത്തും കടലോരപ്രദേശങ്ങളിലും ഇവ കൂടുതലായി കാണപ്പെടുന്നു.ഏകദേശം 18 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു നിത്യ ഹരിത വൃക്ഷമാണ് ഉങ്ങ് .തവിട്ടു നിറത്തിലുള്ള പുള്ളികളോട് കൂടി ചാരനിറത്തിൽ കാണപ്പെടുന്ന ഇവയുടെ പുറം തൊലിക്ക് കയ്പുരസമാണ് ഉള്ളത്.മാർച്ച് മുതൽ മെയ് വരെയുള്ള സമയങ്ങളിളാണിവയിൽ പൂക്കൾ ഉണ്ടാകുന്നത്.ഇവയുടെ പൂക്കൾ കുലകളായാണ് കാണപ്പെടുന്നത്.പർപ്പിൾ കലർന്ന വെള്ള നിറമാണ് ഇവയുടെ പൂക്കൾക്ക്.ഉങ്ങിൻ തൊലിയും കുരുവും ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കാറുണ്ട്.കുടലിലും ആമാശയത്തിലും ഉണ്ടാകുന്ന വ്യണങ്ങൾ,കുഷ്ഠരോഗം,അർശസ് തുടങ്ങിയ രോഗങ്ങൾ ഭേദമാകുന്നതിനായി ഉങ്ങിൽ നിന്നും തയ്യാറാക്കുന്ന ഔഷധങ്ങൾ ഉപയോഗിക്കാറുണ്ട്.കന്നുകാലികൾക്ക്'ഉണ്ടാകുന്ന കുളമ്പുരോഗത്തിന് ചികിത്സയ്ക്കായും ഉങ്ങിൽ നിന്നെടുക്കുന്ന എണ്ണ മറ്റ് ഔഷധങ്ങളോടൊപ്പം കലർത്തി ഉപയോഗിക്കാറുണ്ട്.

## വേങ്ങ

*ശാസ്ത്രീയ നാമം : Pterocarpus marsupium*

*സസ്യകുടുംബം : Fabaceae*

ദക്ഷിണേന്ത്യയിലെ ഇലകൊഴിയും ഈർപ്പവനങ്ങളിൽ കാണപ്പെടുന്ന വംശനാശ ഭീഷണി നേരിടുന്ന ഒരു ഔഷധ സസ്യമാണ് വേങ്ങ.ഏകദേശം 20 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു വൃക്ഷമാണ് വേങ്ങ.വലിയ മരമാകുമ്പോൾ ഇവയുടെ മരപ്പട്ട ചാരനിറത്തിൽ കാണപ്പെടുന്നു.ഇവയുടെ തടിക്ക് നല്ല ഉറപ്പും ഇളം ചുവപ്പ് നിറവുമാണ് ഉള്ളത്.മെയ് മുതൽ സെപ്റ്റംബർ വരെയുള്ള സമയങ്ങളിലാണ് വേങ്ങയിൽ പൂക്കൾ ഉണ്ടാകുന്നത്.മഞ്ഞനിറത്തിൽ കുലകളായാണ് ഇവയിൽ പൂക്കൾ ഉണ്ടാകുന്നത്.ഇവയുടെ പൂക്കൾക്ക് സുഗന്ധവും ഉണ്ട്. വേങ്ങയുടെ കാതൽ,തൊലി,കറ എന്നിവ വിവിധ ഔഷധങ്ങളുടെ നിർമ്മാണത്തിനായി ഉപയോഗിക്കാറുണ്ട്.പ്രമേഹം,ആർത്തവ ക്രമക്കേടുകൾ എന്നിവ പരിഹരിക്കുന്നതിനായി വേങ്ങയിൽ നിന്നും തയ്യാറാക്കുന്ന ഔഷധങ്ങൾ ഉപയോഗിക്കാറുണ്ട്.പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനും അതിസാരം ശമിപ്പിക്കുന്നതിനും വേങ്ങയിൽ നിന്നും തയ്യാറാക്കുന്ന ഔഷധങ്ങൾ ഉപയോഗിക്കുന്നു.വേങ്ങയുടെ തടിക്ക് നല്ല ഈടും ഉറപ്പും ബലവും ഉള്ളതിനാൽ വീട്, ഫർണിച്ചർ, വാഹനങ്ങൾ, റയിൽവേ സ്ലീപ്പറുകൾ മുതലായവ ഉണ്ടാക്കുന്നതിനായിനായി ഈ തടി ഉപയോഗിക്കാറുണ്ട്.





## അശോകം

*ശാസ്ത്രീയ നാമം* :*Saraca asoca*

*സസ്യകുടുംബം* : *Fabaceae*

ഏകദേശം 6 മുതൽ 9 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു നിത്യഹരിത പൂമരമാണ് അശോകം .ജനുവരി മുതൽ മാർച്ചുവരെയുള്ള മാസങ്ങളിലാണ് അശോകത്തിൽ പൂക്കൾ ഉണ്ടാകുന്നത്. കുലകളായി ഉണ്ടാകുന്ന പൂക്കൾക്ക് ആദ്യം മഞ്ഞകലർന്ന ഓറഞ്ച് നിറവും പിന്നീട് ചുവപ്പ് നിറവും ആയി മാറുന്നു.അശോകത്തിന്റെ പൂവ്, പുറംതൊലി, വേര് എന്നിവയാണ് ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. ആർത്തവ സംബന്ധമായ രോഗങ്ങൾക്കുള്ള ഔഷധങ്ങൾ നിർമ്മിക്കുന്നതിനും, ഗർഭാശയ സംബന്ധമായ രോഗങ്ങൾക്കുള്ള ഔഷധങ്ങൾ തയ്യാറാക്കുന്നതിനും അശോകം ഔഷധമായി ഉപയോഗിച്ചു വരുന്നു. തൊലിപ്പുറത്തുണ്ടാകുന്ന രോഗങ്ങൾ ഭേദമാകാൻ അശോകപൂവ് കൊണ്ട് ഉണ്ടാക്കിയ എണ്ണയും ഉപയോഗിച്ചുവരുന്നു.

## നീർമരുത്

*ശാസ്ത്രീയ നാമം* : *Terminalia arjuna*

*സസ്യകുടുംബം* : *Combretaceae*

ഇന്ത്യയിൽ സമൃദ്ധമായി വളരുന്ന മരമാണ് നിർമരുത്. നന്നായി വളരുന്ന നീർമരുത് മണ്ണിന്റെ ഫലഭൂയിഷ്ടിയുടെ ലക്ഷണമാണ് കാണിക്കുന്നത്. പുഴയോരങ്ങളിലാണ് ഇവ നന്നായി വളരുന്നത്. ഏകദേശം 15 മുതൽ 25 മീറ്റർ വരെ ഉയരത്തിൽ വളരുന്ന വൃക്ഷമാണ് നീർമരുത്. ദീർഘ വൃത്താകൃതിയോട് കൂടിയ ഇലകൾ ആണ് ഇവയുടേത്. ഏപ്രിൽ മാസം മുതൽ ഇവയിൽ പൂക്കൾ കാണപ്പെടുന്നു. മഞ്ഞ നിറത്തിലുള്ള പൂക്കളാണ് ഇവയ്ക്കുള്ളത്. നീർമരുത്തിന്റെ തൊലിയാണ് പ്രധാനമായും ഔഷധമായി ഉപയോഗിച്ചു വരുന്നത്. ഹൃദയ സംബന്ധിയായ ഒട്ടുമിക്ക ആരോഗ്യ പ്രശ്നങ്ങൾക്കും നീർമരുത് ഔഷധമായി ഉപയോഗിച്ച് വരുന്നു. ഇവയുടെ തടിയുടെ വെള്ളയ്ക്ക് മങ്ങിയ നിറമാണ് ഉള്ളത്. കാതലിനു നല്ല ഉറപ്പും ബലവും ഉണ്ട്. കാളവണ്ടി, കലപ്പ, വഞ്ചി തുടങ്ങിയവ ഉണ്ടാക്കാൻ നീർമരുത്തിന്റെ തടി ഉപയോഗിക്കാറുണ്ട്. ഇവയുടെ തൊലിക്ക് ചവർപ്പ് രുചിയാണ് ഉള്ളത്, തൊലിയിൽ നിന്നും പശയും ടാനിനും ലഭ്യമാകാറുണ്ട്.





## ഞാവൽ

*ശാസ്ത്രീയ നാമം : Syzygium cuminii*

*സസ്യകുടുംബം : Myrtaceae*

ഏകദേശം 10 മീറ്റർ ഉയരത്തിൽ വളരുന്ന ഒരു നിത്യഹരിത വൃക്ഷമാണ് ഞാവൽ. ഇരുണ്ട പച്ചനിറത്തോടുകുടിയ തിളക്കമുള്ള ഇലകളാണ് ഇവയ്ക്ക്.ഡിസംബർ മാസത്തിൽ ആണ് ഞാവൽ പൂക്കുന്നത്. വെള്ള നിറത്തിലുള്ള പൂക്കൾ ആണിവയ്ക്ക് ഉള്ളത്. ഇവയുടെ ഫലങ്ങൾ മാംസംളവും പഴുക്കുമ്പോൾ കടുത്ത പാർപ്പിൾ നിറത്തിൽ കാണപ്പെടുകയും ചെയ്യുന്നു. ഞാവൽ പഴങ്ങൾ ഭക്ഷ്യ യോഗ്യമാണ്. ഞാവലിന്റെ തൊലി, വിത്ത്, ഇല എന്നിവ ഔഷധമായി ഉപയോഗിച്ച് വരുന്നു. തൊണ്ട പഴുപ്പ്, പ്രമേഹം, വയറിളക്കം എന്നിവയുടെ ചിത്സയ്ക്ക് ഇവ കൊണ്ട് ഉണ്ടാക്കുന്ന ഔഷധങ്ങൾ ഉപയോഗിച്ച് വരുന്നു. ഞാവൽപ്പഴം പക്ഷികളുടെയും മറ്റും ഇഷ്ടാഹാരം ആണ്. ഞാവലിന്റെ തടിക്ക് ഈടും ഉറപ്പും കുറവാണ്.

## നാഗലിംഗം മരം

*ശാസ്ത്രീയ നാമം : Couropita guineensis*

*സസ്യകുടുംബം : Lecythidaceae*

115 അടി വരെ ഉയരത്തിൽ വളരുന്ന ഈ മരത്തിന് ഏകദേശം രണ്ടര അടിയോളം വീതി ഉണ്ടാകും. ഇവയുടെ പുറന്തൊലി മിനുസമാർന്നതും ചാരനിറം കലർന്ന തവിട്ടു നിറത്തോട്ടു കൂടിയതും ആണ്. ജനുവരി മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ ഇവയിൽ പൂക്കളും കായ്കളും കാണപ്പെടുന്നു. ഇവയുടെ പൂക്കൾ സുഗന്ധം ഉള്ളതും കുലകളായി കാണപ്പെടുന്നവയുമാണ്. വലിപ്പമുള്ള പിങ്ക് നിറമുള്ള പൂക്കളാണ് ഇവയ്ക്കുള്ളത്. ഇവയുടെ കേസരങ്ങൾ ഒന്നിച്ചു ചേർന്ന് വളഞ്ഞു പാമ്പിന്റെ പത്തി പോലെ കാണപ്പെടുന്നു. ഇവയുടെ ഫലങ്ങൾ വലുതും ഉരുണ്ടതും തവിട്ടുനിറത്തോടുകൂടിയവയും ആണ്. നാഗലിംഗ മരത്തിന്റെ ഇലകൾ ത്വക്ക് രോഗങ്ങൾക്കുള്ള ഔഷധങ്ങളുടെ തയ്യാറാക്കലിനായി ഉപയോഗിക്കാറുണ്ട്. നായ്ക്കൾക്കുണ്ടാകുന്ന പലവിധ രോഗങ്ങൾക്ക് ഇതിന്റെ കായയുടെ പൾപ്പ് ഔഷധമായി ഉപയോഗിച്ച് വരുന്നു. ഇവയുടെ കായ്കൾ പന്നികൾക്കും കോഴികൾക്കും ഒക്കെ തീറ്റയായി നൽകാറുണ്ട്. കാഴ്ചയ്ക്കുള്ള കൗതുക മൂലം സസ്യ ഉദ്യാനങ്ങളിൽ ഇവ ധാരാളമായി വളർത്തി വരുന്നു.





## അണലി വേഗം

*ശാസ്ത്രീയ നാമം : Alstonia venenata*

*സസ്യകുടുംബം : Apocynaceae*

ഏകദേശം 6 മീറ്ററോളം ഉയരത്തിൽ വളരുന്ന ഒരു ചെറുവൃക്ഷമാണ് അണലി വേഗം. ഇവയ്ക്ക് വെളുത്ത നിറത്തിലുള്ള പൂക്കൾ ആണ് ഉള്ളത്. പൂക്കൾ പൂങ്കുലകളിലാണ് കാണപ്പെടുന്നത്. അണലി വേഗത്തിന്റെ വേര് , പഴം എന്നീ ഭാഗങ്ങൾ ആയുർവേദ സിദ്ധ ചികിത്സ സമ്പ്രദായങ്ങളിൽ വിവിധ രോഗങ്ങളുടെ ചികിത്സയ്ക്കായി ഉപയോഗിച്ചുവരുന്നു. പാമ്പിൻ വിഷത്തിന് എതിരെ ഒരു ഉത്തമ പ്രതിവിധിയാണ് ഈ സസ്യം എന്ന് പറയപ്പെടുന്നു. ഈ ചെടി കാണപ്പെടുന്ന പ്രദേശങ്ങളിൽ പാമ്പ് വരില്ല എന്നും പറയപ്പെടുന്നുണ്ട്. വിവിധതരത്തിലുള്ള ചർമ്മ രോഗങ്ങളുടെ ചികിത്സക്കും, അപസ്മാരം സിഫിലിസ്, പനി, രക്തശുദ്ധീകരണം എന്നീ രോഗ ചികിത്സക്കും ഈ സസ്യം ഉപയോഗിച്ച് വരുന്നു.

## വാതം കൊല്ലി

*ശാസ്ത്രീയ നാമം : Justicia gendarussa*

*സസ്യകുടുംബം : Acanthaceae*

ഈർപ്പ ഇല കൊഴിയും കാടുകളിലും സമതലങ്ങളിലും കാണപ്പെടുന്ന ഒരു കുറ്റിച്ചെടിയാണ് വാതംകൊല്ലി. ഏകദേശം ഒരു മീറ്റർ വരെ ഉയരത്തിൽ പടർന്നു വളരുന്ന കടുത്ത പർപ്പിൾ നിറത്തോട് കൂടിയ തിളക്കമുള്ള തണ്ടോടുകൂടിയ കുറ്റിച്ചെടിയാണ് വാതംകൊല്ലി. ഇവയുടെ ഇലകളിലെ സിരകൾ പർപ്പിൾ നിറത്തിലാണ് കാണപ്പെടുന്നത്. ജനുവരി മുതൽ ഏപ്രിൽ വരെയാണ് വാതംകൊല്ലിയിൽ പൂക്കൾ ഉണ്ടാകുന്നത്. ശാഖാഗ്ര ത്തിൽ നിന്നുണ്ടാകുന്ന പൂങ്കുലകളിൽ വെളുത്ത നിറത്തിലുള്ള പൂക്കൾ ഉണ്ടാകുന്നു. ആർത്തവ സംബന്ധമായ പ്രശ്നങ്ങൾ അകറ്റുന്നതിനും, ഹൃദയസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും,വാത സംബന്ധമായ വേദന അകറ്റുന്നതിനും ഉപയോഗിക്കാൻ കഴിയുന്ന ഉത്തമം ഔഷധമാണ് വാതംകൊല്ലി.





## മുഞ്ഞ

*ശാസ്ത്രീയ നാമം :* *Premna serratifolia*

*സസ്യകുടുംബം :* *Verbenaceae*

നനവുള്ള പ്രദേശങ്ങളിലും, കുറ്റിക്കാടുകളിലും ,കടൽത്തീരത്തും,കണ്ടൽ കാടുകളുടെ സമീപത്തും കാണപ്പെടുന്ന ഒരു കുറ്റി ചെടിയാണ് മുഞ്ഞ. ദശമൂലങ്ങളിൽ ഒന്നാണ് മുഞ്ഞ. മൂന്നു മീറ്റർ വരെ ഉയരത്തിൽ വളരുന്ന കുറ്റിച്ചെടിയാണ് ഇവ. ചുവട്ടിൽ നിന്നു തന്നെ വളഞ്ഞുപുളഞ്ഞാണിവ മുകളിലേക്ക് വളരുന്നത്. ഇവയുടെ തൊലിക്ക് മഞ്ഞ കലർന്ന ക്രീം നിറം ആണുള്ളത്. ഇവയ്ക്ക് പച്ച കലർന്ന വെള്ള നിറത്തിലുള്ള പൂക്കളാണ് ഉള്ളത്. മുഞ്ഞയുടെ വേര്, ഇല, സമൂലം എന്നിവ ഔഷധമായി ഉപയോഗിക്കാറുണ്ട്. ദശമൂലങ്ങളിൽ ഒന്നായ മുഞ്ഞ വാതം , ആമവാതം, കഫ രോഗങ്ങൾ, നാഡീ സംബന്ധ രോഗങ്ങൾ, വെള്ളപ്പാണ്ട്, പനി,തലവേദന,പ്രമേഹം എന്നിവയുടെ ചികിത്സയ്ക്കായി ഉപയോഗിക്കാറുണ്ട്.

## കർപ്പൂര മരം

*ശാസ്ത്രീയ നാമം :* *Cinnamomum camphora*

*സസ്യകുടുംബം :* *Lauraceae*

ഏകദേശം 30 മീറ്ററോളം ഉയരത്തിൽ വളരുന്ന ഒരു മരമാണ് കർപ്പൂരം. ഇവയുടെ ഇലകൾ കട്ടിയുള്ളതും സിരകൾ വളരെ വ്യക്തമായി കാണപ്പെടുന്നതും തിളക്കമുള്ളതും ആണ്. ഇവയുടെ മൂപ്പെത്തിയ ഇലകൾ ഞെരടുമ്പോൾ കർപ്പൂരത്തിന്റെ ഗന്ധം അനുഭവപ്പെടുന്നു. കർപ്പൂര മരത്തിന്റെ തടിയും ഇലകളും വാറ്റിയാണ് സുഗന്ധദ്രവ്യമായ കർപ്പൂരം നിർമ്മിക്കുന്നത്. കർപ്പൂരത്തിന്റെ പുക വിശ്വസിക്കുന്നത് അപസ്മാരം ഹിസ്റ്റീരിയ, സന്ധിവാതം എന്നിവയുള്ളവർക്ക് ഏറെ ആശ്വാസം നൽകുന്നതാണ്. കർപ്പൂരത്തിന്റെ എണ്ണ മുടികൊഴിച്ചിലിനും, താരനും പരിഹാരമായി ഉപയോഗിക്കാറുണ്ട്.





## താന്നി

*ശാസ്ത്രീയ നാമം* : Terminalia bellirica
*സസ്യകുടുംബം* : Combretaceae

ശരാശരി 25 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു വൃക്ഷമാണ് താന്നി. ഏതാനും മീറ്റർ വരെ ഉയരത്തിൽ ശാഖകളില്ലാതെ വളരുന്ന ഈ വൃക്ഷത്തിന് മഞ്ഞുകാലത്തും വേനൽക്കാലത്തും ഇലപൊഴിക്കുന്ന പ്രകൃതമാണുള്ളത്. താന്നിയുടെ മരത്തൊലിക്ക് നീല കലർന്ന ചാര നിറമാണ് ഉള്ളത് തൊലിയിൽ നെടുകെ ചെറിയ വിള്ളലുകളും കാണപ്പെടുന്നു. താന്നിയുടെ പൂക്കൾ പച്ച നിറത്തോടുകൂടിയവയും കുലകളായും ആണ് കാണപ്പെടുന്നത്. ത്രിഫലയിൽ ഒന്നാണ് താന്നി. നേത്രരോഗങ്ങൾ, ചുമ, ശ്വാസംമുട്ടൽ, ഒച്ചയടക്കൽ കേശവർദ്ധനവ്, പ്രമേഹം, മൂത്രാശയ രോഗങ്ങൾ എന്നിവയുടെ ചികിത്സയ്ക്കായി താന്നിക്കയും താന്നിയുടെ പൂവും ഉപയോഗിക്കാറുണ്ട്. വിവിധതരം അലർജി രോഗങ്ങൾക്ക് പരിഹാരമായും താന്നി മരത്തിൽ നിന്നും തയ്യാറാക്കുന്ന ഔഷധങ്ങൾ ഉപയോഗിച്ച് വരുന്നു. താന്നിയുടെ തടിക്ക് കുറവാണ് ഉറപ്പുണ്ടെങ്കിലും കാതലില്ല വെള്ളത്തിൽ കേടുകൂടാതെ ദീർഘകാലം കിടക്കുന്നവയാണ് താന്നിത്തടി. വഞ്ചി, പാക്കിങ് പെട്ടി എന്നിവ ഉണ്ടാക്കാൻ താന്നി തടി ഉപയോഗിക്കാറുണ്ട്.

## ചുവന്ന മന്ദാരം

*ശാസ്ത്രീയ നാമം* : Bauhinia purpurea
*സസ്യകുടുംബം* : Fabaceae

ഏകദേശം 17 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു ചെറു മരമാണ് ചുവന്ന മന്ദാരം. മഴക്കാലം കഴിയുമ്പോൾ പൂക്കുന്ന ഇവയുടെ പൂക്കൾക്ക് ചുവപ്പു നിറവും ചെറു സുഗന്ധവും ഉണ്ടാകും. 30 സെന്റീമീറ്ററോളം നീളത്തിൽ വളരുന്ന ഇവയുടെ ഫലത്തിനുള്ളിൽ 12 മുതൽ 16 വരെ വിത്തുകൾ കാണപ്പെടുന്നു. തടിക്ക് അത്യാവശ്യം ഉറപ്പും ബലവും ഉണ്ട്. തടിക്ക് ആദ്യം ചുവപ്പു നിറവും പിന്നീട് മഞ്ഞ നിറവും ആയിരിക്കും. ചുവന്ന മന്ദാരത്തിന്റെ പുറന്തൊലി ഇല വേര് പൂക്കൾ എന്നിവ വിവിധ ഔഷധങ്ങൾ ഉണ്ടാക്കുന്നതിനായി ഉപയോഗിച്ചുവരുന്നു. കുടൽപ്പുണ്ണ്, ചതവ്, മുറിവ്, വാത സംബന്ധമായ നീര്, വേദന, ശ്വാസകോശ സംബന്ധിയായ രോഗങ്ങൾ, വയറിളക്കം എന്നിവയുടെ ചികിത്സയ്ക്ക് മരുന്നുകൾ ഉണ്ടാക്കുവാനും ചുവന്ന മന്ദാരം ഉപയോഗിക്കാറുണ്ട്. ഇതിന്റെ തടി കൃഷി ആയുധങ്ങൾ ഉണ്ടാക്കുവാൻ ഉപയോഗിക്കുന്നു. ഇല കാലിത്തീറ്റയായി ഉപയോഗിച്ചുവരുന്നു.





## കറിവേപ്പ്

*ശാസ്ത്രീയ നാമം :* *Murraya koenigii*
*സസ്യകുടുംബം :* *Rutaceae*

കറിവേപ്പ് ഒരു ചെറിയ മരമാണ്. കറിവേപ്പിന്റെ ജന്മദേശം ഇന്ത്യയാണ്. വെള്ളവും സൂര്യപ്രകാശവും ലഭിക്കുന്ന സ്ഥലങ്ങളിൽ നന്നായി വളരുന്ന ഒരു സസ്യമാണിത്. ഈ ചെറു മരത്തിന്റെ തടിക്ക് കറുപ്പ് നിറമാണുള്ളത് . ഇവയുടെ ഇലകൾ സുഗന്ധം ഉള്ളതും തണ്ടിൽ നിന്നും ഇരുവശത്തേക്കുമായി നിരനിരയായി കാണപ്പെടുന്നതും ആണ്. കറികൾക്ക് രുചി കൂടുന്നതിനായി കറിവേപ്പില ഉപയോഗിച്ച് വരുന്നു. വെളുത്ത ചെറിയ പൂക്കളാണ് കറിവേപ്പിനുള്ളത്. കറിവേപ്പിൻറെ ഇല, തൊലി, വേര് എന്നിവ ഔഷധയോഗ്യമാണ്. നേത്രരോഗങ്ങൾക്കും തൊലിപ്പുറത്ത് ഉണ്ടാകുന്ന വ്രണങ്ങൾക്കും വയറു സംബന്ധിയായ അസുഖങ്ങൾക്കും കറിവേപ്പ് ഉപയോഗിക്കുന്നുണ്ട് . കേശ സംരക്ഷണത്തിനായി എണ്ണ കാച്ചുന്നതിനായും കറിവേപ്പില ഉപയോഗിക്കാറുണ്ട്.

## വേപ്പ്

*ശാസ്ത്രീയ നാമം :* *Azadirachta indica*
*സസ്യകുടുംബം :* *Meliaceae*

വൃക്ഷ രാജ്ഞി എന്നറിയപ്പെടുന്ന വേപ്പ് ഏകദേശം 30 മീറ്റർ വരെ ഉയരത്തിൽ പടർന്നു വളരുന്ന ഒരു നിത്യഹരിത വൃക്ഷമാണ്. വേപ്പിന്റെ ഇലകൾക്ക് കയ്പ്പ് രസമാണുള്ളത്. ഫെബ്രുവരി മുതൽ സെപ്റ്റംബർ വരെയാണ് വേപ്പിൽ പൂക്കളും കായ്കളും ഉണ്ടാകുന്നത്. പൂങ്കുലകളായി കാണപ്പെടുന്ന വെളുത്ത പൂക്കളാണ് ഇതിനുള്ളത്. വേപ്പിന്റെ ഫലങ്ങൾ മാംസളവും പാകമാകുമ്പോൾ മഞ്ഞനിറമുള്ളവയും ആകുന്നു. വേപ്പിന്റെ തൊലി, ഇല, ഫലം ഇവയെല്ലാം വിവിധ ഔഷധ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നു. രക്തസമ്മർദ്ദം, പ്രമേഹം, വിവിധതരത്തിലുള്ള ത്വക്ക് രോഗങ്ങൾ, കുടലിലെ വ്രണങ്ങൾ, സന്ധിവാതം ഹെപ്പറ്റൈറ്റിസ്, പല്ല്, ചെവി ശിരോചർമ്മങ്ങൾ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ മുടികൊഴിച്ചിൽ അകറ്റുന്നതിനും, താരൻ അകറ്റുന്നതിനും വേപ്പ് ഫലപ്രദമായി ഉപയോഗിക്കുന്നു. ചിക്കൻ പോക്സ് ഭേദമാക്കുന്നതിന് ഉപയോഗിക്കുന്ന ഒരു പ്രധാന



ഔഷധമാണ് വേപ്പില. പൂപ്പൽ രോഗങ്ങൾ, ബാക്ടീരിയൽ വൈറൽ രോഗങ്ങൾ എന്നിവയ്ക്കും വേപ്പ് ഫലപ്രദമായ ഒരു ഔഷധമാണ്. പല്ല് വൃത്തിയാക്കുന്നതിനായി പണ്ടുകാലം മുതലേ വേപ്പിൻ തണ്ട് ഉപയോഗിച്ച് വരുന്നു. ഇന്ത്യ ജന്മദേശം ആയ ഈ വൃക്ഷം നിൽക്കുന്ന പ്രദേശത്തെ അന്തരീക്ഷ താപനില പരിസരപ്രദേശങ്ങളിലെ താപനിലയെക്കാൾ 10 ഡിഗ്രിയോളം കുറവായിരിക്കും എന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ജൈവകൃഷി രീതിയിൽ വളരെയധികം പ്രാധാന്യം അർഹിക്കുന്നവയാണ് വെപ്പ് അധിഷ്ഠിത ഉൽപ്പന്നങ്ങൾ. വേപ്പെണ്ണ വേപ്പിൻ പിണ്ണാക്ക് എന്നിവ പലതരം കീടരോഗ ആക്രമണങ്ങൾക്കെതിരെ ഉപയോഗിക്കാറുണ്ട് .

## മാവ്

*ശാസ്ത്രീയ നാമം : Mangifera indica*
*സസ്യകുടുംബം : Anacardiaceae*

ദീർഘകാലം നിലനിൽക്കുന്ന ഒരു നിത്യഹരിത വൃക്ഷമാണ് മാവ്. ഏകദേശം 10 മീറ്ററോളം ഉയരത്തിൽ അനവധി ശാഖോപശാഖകളായി പടർന്നു വളരുന്ന ഒരു സസ്യമാണിത്. സാധാരണയായി കറുത്തതും തവിട്ടു നിറം കലർന്നതുമായ നിറങ്ങളിൽ കാണപ്പെടുന്ന ഇതിന്റെ തായ്ത്തടി ഏറെക്കുറെ നേരെ വളരുന്നതായി കാണപ്പെടുന്നു. മരത്തിന്റെ തൊലി ചില കാലങ്ങളിൽ വീണ്ടു കീറി അടർന്നു വീഴാറുണ്ട്. ഇങ്ങനെ ഇളകുന്ന തൊലിയിൽ ബ്രൗൺ നിറത്തിലോ മഞ്ഞ കലർന്ന ബ്രൗൺ നിറത്തിലോ പശകൾ ഉണ്ടാകുന്നു. ഇലകൾ മൂടിയ വൃക്ഷത്തിന്റെ മുകൾഭാഗം ഏകദേശം വൃത്താകൃതിയിൽ ആയിരിക്കും കാണപ്പെടുക. മാവിന്റെ തളിരിലകൾക്ക് ചെമ്പ് നിറമായിരിക്കും ഇലകൾ പാകമാകുന്നതോടെ ചുവപ്പുനിറം മാറി പച്ച നിറമായിമാറും. പൂക്കൾ സാധാരണ ചില്ലകളുടെ അഗ്രഭാഗത്തായി ഉണ്ടാകുന്നു. മാമ്പഴം സസ്യശാസ്ത്രപരമായി ഡ്രൂപ്പ് എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന ഫലമാണ്. ആകൃതി, വലിപ്പം,നിറം തൊലിയുടെ പ്രത്യേകത, അകക്കാമ്പിന്റെ നിറം, അകകാമ്പിന്റെ കട്ടി, ചാറിന്റെ അളവ്, മധുരം, ഗന്ധം എന്നിങ്ങനെ വ്യത്യസ്തയിനങ്ങളിൽ മാവ് കാണപ്പെടുന്നു. പല്ല് സംരക്ഷണത്തിനും പല്ല് വൃത്തിയാക്കുന്നതിനും പണ്ടുകാലം മുതലേ മാവില ഉപയോഗിച്ച് വരുന്നു. മോണകൾക്ക് നല്ല ഉറപ്പും പല്ലുകൾക്ക് ബലവും വായ് ക്കകത്ത് ഉണ്ടാകുന്ന രോഗങ്ങൾക്ക് വിമുക്തിയും നൽകാൻ മാവില സഹായിക്കുന്നു. മാവിന്റെ തളിരില പ്രമേഹം നിയന്ത്രിക്കുന്നതിനായി ഉപയോഗിക്കാറുണ്ട്. വയറിന്റെ അസ്വസ്ഥതകൾ മാറുന്നതിനായി മാവിന്റെ വിത്ത് കൊണ്ട് തയ്യാറാക്കുന്ന കഞ്ഞി പണ്ടുകാലത്ത് ഉപയോഗിക്കാറുണ്ട് . വിവിധ ഭക്ഷണ ആവശ്യങ്ങൾക്കായി മാങ്ങ ഉപയോഗിക്കാറുണ്ട്. ഗൃഹോപകരണങ്ങളുടെയും ഫർണിച്ചറുകളുടെ നിർമ്മാണത്തിനായി മാവിൻതടിയും ഉപയോഗിച്ചുവരുന്നു.





## രക്തചന്ദനം

*ശാസ്ത്രീയ നാമം : Pterocarpus santalinus*

*സസ്യകുടുംബം : Fabaceae*

ഏകദേശം 8 മീറ്ററോളം ഉയരത്തിൽ വളരുന്ന വൃക്ഷമാണ് രക്തചന്ദനം. ഇവയുടെ പുറന്തൊലി ആഴത്തിൽ വെടിച്ചുകീറിയതായി കാണപ്പെടുന്നു. പുറന്തൊലിക്ക് ചാരവർണ്ണം ആണുള്ളത് തൊലിയിൽ മുറിവ് ഉണ്ടാക്കിയാൽ ചുവന്ന നിറത്തിൽ കറയുണ്ടാകും. ഇതിന്റെ കാതലിന് നല്ല ചുവപ്പു നിറം കാണപ്പെടുന്നു. രക്തചന്ദനത്തിന്റെ കാതലാണ് പ്രധാനമായും ഔഷധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നത്. വിഷം, ജ്വരം നേത്രരോഗങ്ങൾ, രക്തപിത്ത വികാരങ്ങൾ ശമിപ്പിക്കാനും, പ്രമേഹത്തെ കുറയ്ക്കാനും, വിവിധതരം ചർമ്മ പ്രശ്നങ്ങൾ അകറ്റാനും, ശ്വാസകോശങ്ങളുടെ സങ്കോച വികാസ ശക്തി വർധിപ്പിക്കുന്നതിനും, തലവേദന എന്നിവ ശമിപ്പിക്കുന്നതിനുള്ള ഔഷധങ്ങൾ തയ്യാറാക്കുന്നതിനും രക്തചന്ദനം ഉപയോഗിക്കാറുണ്ട്. സൗന്ദര്യവർദ്ധക വസ്തുക്കൾ നിർമ്മിക്കുന്നതിനായി ഇവ ഉപയോഗിക്കാറുണ്ട്. രക്തചന്ദനത്തിൽ നിന്നും വേർതിരിച്ചെടുക്കുന്ന ചായം തുണി ഉൽപ്പന്നങ്ങൾക്ക് നിറം കൊടുക്കുന്നതിനു വേണ്ടി ഉപയോഗിക്കാറുണ്ട്. ശില്പങ്ങൾ, സംഗീതോപകരണങ്ങൾ വിലപിടിപ്പുള്ള ഫർണിച്ചറുകൾ എന്നിവയുടെ നിർമ്മാണത്തിനും രക്തചന്ദനത്തിന് തടി ഉപയോഗിക്കാറുണ്ട്.

## വെള്ളനൊച്ചി

*ശാസ്ത്രീയ നാമം : Vitex trifolia*

*സസ്യകുടുംബം : Verbenaceae*

അഞ്ചുമീറ്റർ വരെ ഉയരത്തിൽ വളരുന്ന ഒരു ചെറിയ മരമാണ് വെള്ളം നൊച്ചി. നിറയെ ശാഖകൾ ഉള്ള ഒരു സസ്യമാണിത്. ഇവയുടെ ഇലകൾ നല്ല പച്ച നിറത്തോടുകൂടിയവയും തിളക്കമുള്ളവയും ആകുന്നു. നീല നിറത്തിലുള്ള പൂക്കളാണ് ഇവയ്ക്കുള്ളത്. പൂക്കൾക്ക് നേരത്തെ സുഗന്ധവും ഉണ്ടാകും. വെള്ള നൊച്ചിയുടെ ഇല , വേര്, കായ എന്നിവ വിവിധ ഔഷധങ്ങൾ തയ്യാറാക്കുന്നതിനായി ഉപയോഗിക്കാറുണ്ട് കരൾ രോഗങ്ങൾ ഭേദമാക്കുന്നതിനും പ്രസവം സുഗമമാക്കുന്നതിനും തയ്യാറാക്കുന്ന ഔഷധങ്ങൾ തയ്യാറാക്കുന്നതിനും ഉപയോഗിക്കുന്നു. മലബന്ധം, തലവേദന വാത സംബന്ധമായ വേദനകൾ എന്നിവ അകറ്റുന്നതിനും ചതവ് ഭേദമാക്കുന്നതിനും ഇതിന്റെ ഇലകളിൽ നിന്ന് തയ്യാറാക്കുന്ന ഔഷധങ്ങൾ ഉപയോഗിക്കാറുണ്ട്. വെള്ളനൊച്ചി വേലി ചെടിയായും അലങ്കാര സസ്യമായും വ്യാപകമായി നട്ടുവളർത്തുന്നു.





## നാഗദന്തി

*ശാസ്ത്രീയ നാമം* : *Croton persimilis*
*സസ്യകുടുംബം* : *Euphorbiaceae*

നനവാർന്ന നിത്യഹരിത വനങ്ങളിൽ വളരുന്ന കുറ്റിച്ചെടിയാണ് നാഗദന്തി. ഇവിയുടെ ഇലകൾ നല്ല കട്ടിയുള്ളതും ഇലയുടെ അടിഭാഗത്തായി ഗ്രന്ഥികൾ കാണപ്പെടുന്നവയുമാണ്. ഡിസംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലാണ് നാഗദന്തിയിൽ പൂക്കൾ ഉണ്ടാകുന്നത് . ഇവയുടെ പൂക്കൾക്ക് ഇളം പച്ച നിറമാണ് ഉള്ളത്. നാഗദന്തിയുടെ വിത്ത്, എണ്ണ, ഇല ,വേര് എന്നിവ ഔഷധആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. ശ്വാസംമുട്ടൽ കുറയ്ക്കുന്നതിന് വേണ്ടിയും, കുഷ്ഠം, പ്രമേഹം, ഗ്രഹണി, മൂലക്കുരു എന്നിവയുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന കഷായങ്ങളിലെ പ്രധാന ചേരുവയാണ് നാഗദന്തി, പനി മഞ്ഞപ്പിത്തം എന്നിവ ഭേദമാക്കാനും ഇത് ഉപയോഗിക്കാറുണ്ട്. ദഹനസംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നാഗദന്തി ഉപയോഗിക്കുന്നു. പാമ്പ് വിഷത്തിനെതിരെ ഉപയോഗിക്കാവുന്ന ഒരു പ്രധാന ഔഷധമാണ് നാഗദന്തി.

## നെല്ലി

*ശാസ്ത്രീയ നാമം* : *Phyllanthus emblica*
*സസ്യകുടുംബം* : *Euphorbiaceae*

ഇലപൊഴിയും വൃക്ഷമായ നെല്ലി ഏകദേശം 15 മീറ്റർ വരെ ഉയരത്തിൽ വളരുന്നു. ഇവയുടെ പുറന്തൊലി ചാരനിറം കലർന്ന തവിട്ട് നിറത്തോടുകൂടിയവയാണ്.ജൂലൈ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലാണ് നെല്ലിയിൽ പൂക്കളും കായ്കളും ഉണ്ടാകുന്നത്. ഇവയുടെ കായ്കൾ പച്ച നിറത്തോടുകൂടിയതും ഉരുണ്ടതും ഭക്ഷ്യയോഗവും കഴിക്കുമ്പോൾ കൈയ്പ്പ് രസത്തോടുകൂടിയവയും ആകുന്നു. ആയുർവേദത്തിൽ നെല്ലിയുടെ എല്ലാ ഭാഗങ്ങളും ഔഷധമായി ഉപയോഗിക്കുന്നു. ചവനപ്രാശ്യത്തിലെയും രസായങ്ങളെയും പ്രധാന ചേരുവയാണ് നെല്ലിക്ക നെല്ലിക്ക ചേർത്ത എണ്ണകൾ ത്വക്ക് രോഗങ്ങൾഭേദമാക്കുന്നതിന് ഉപയോഗിക്കുന്നു. പ്രധാനമായും കായകളാണ് ഔഷധാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതെങ്കിലും ചില ഔഷധക്കൂട്ടുകളിൽ ഇല, തൊലി എന്നിവയും ഉപയോഗിക്കുന്നുണ്ട്. ത്രിഫലയിൽ ഒന്നാണ് നെല്ലിക്ക. മഷി, ചായം, ഷാമ്പു എന്നിവ ഉണ്ടാക്കുന്നതിനായി നെല്ലിക്ക ഉപയോഗിക്കാറുണ്ട്. വെള്ളത്തിൽ ഏറെനാൾ കിടന്നാലും കേടുവരാത്തവയാണ് നെല്ലിയുടെ തടി അതുകൊണ്ടുതന്നെ കിണറ്റിലെ വെള്ളം ശുദ്ധീകരിക്കുന്നതിനായി നെല്ലിപ്പലക ആയി നെല്ലിയുടെ തടി ഉപയോഗിക്കാറുണ്ട്.





## ചെത്തിക്കൊടുവേലി

*ശാസ്ത്രീയ നാമം : Plumbago indica*
*സസ്യകുടുംബം : Plumbaginaceae*

ഏകദേശം ഒന്നര മീറ്ററോളം ഉയരത്തിൽ വളരുന്ന മാംസളമായ വേരുകൾ ഉള്ള ഒരു കുറ്റിച്ചെടിയാണ് ചെത്തിക്കൊടുവേലി അഥവാ ചുവന്ന കൊടുവേലി. സെപ്റ്റംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലാണ് ഇവയിൽ പൂക്കൾ ഉണ്ടാകുന്നത്. ചുവപ്പു നിറമുള്ള പൂക്കൾ പൂങ്കുലകൾ ആയാണ് ഇവയിൽ കാണപ്പെടുന്നത്. പൂങ്കുലകൾക്ക് ഏകദേശം 25 സെമി നീളമുണ്ടാകും. നിറയെ പശയുള്ള ഗ്രന്ഥികൾ നിറഞ്ഞവയാണ് ഇവയുടെ ദളങ്ങൾ. ചർമ്മത്തിൽ ഉണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ചുവന്ന കൊടുവേലി ഉപയോഗിക്കാറുണ്ട്. വയറുവേദന, തലവേദന, പല്ലുവേദന, രക്തശുദ്ധി വരുത്താൻ, ദഹനം ത്വരിതപെടുത്താൻ ഇത് ഉപയോഗിക്കാറുണ്ട്. ചുവന്ന കൊടുവേലിയുടെ അമിത ഉപയോഗം ആപത്താണ്. കപ്പത്തോട്ടത്തിലെ എലിശല്യമകറ്റാൻ ചുവന്ന കൊടുവേലി തോട്ടത്തിന് ചുറ്റും വെച്ചു പിടിപ്പിക്കാറുണ്ട്.

## അത്തി

*ശാസ്ത്രീയ നാമം : Ficus racemosa*
*സസ്യകുടുംബം : Moraceae*

നാൽപ്പാമരങ്ങളിൽ ഒന്നായ അത്തി അർദ്ധ നിത്യഹരിത വനങ്ങളിലും ഇലപൊഴിയും കാടുകളിലും സമതല പ്രദേശങ്ങളിലും കാണപ്പെടുന്നത്. ഏകദേശം 30 മീറ്റർ വരെ ഉയരത്തിൽ വളരുന്ന വൃക്ഷമാണിത്. ഇവയുടെ പുറന്തൊലിക്ക് ഏകദേശം പത്തു മില്ലിമീറ്റർ വരെ കട്ടിയുണ്ട്. അത്തിയുടെ പുറന്തൊലി ചുവപ്പു കലർന്ന തവിട്ട് നിറത്തിലോ മഞ്ഞ കലർന്ന തവിട്ട് നടത്തിലോ കാണപ്പെടുന്നു. ഇവയുടെ കായകൾ തടിയോട് ചേർന്നാണ് കാണപ്പെടുന്നത്. നാല്പമര പട്ടയിൽ ഒന്നാണ് അത്തി. അത്തിയുടെ തൊലി, കായ, വേര് എന്നിവ ഔഷധ യോഗ്യമാണ്. ഗർഭകാല സംരക്ഷണത്തിനും, രക്തസ്രാവം കുറയ്ക്കുന്നതിനും, ബലക്ഷയം മാറുന്നതിനും വിളർച്ച, വയറിളക്കം, ആസ്മ എന്നിവ ഭേദമാക്കുന്നതിന് അത്തിപ്പഴം ഉപയോഗിക്കാറുണ്ട്.





## ദന്തപാല

*ശാസ്ത്രീയ നാമം : Wrightia tinctoria*
*സസ്യകുടുംബം : Apocynaceae*

5 മുതൽ 10 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഇലകൊഴിക്കുന്ന മരമാണ് ദന്തപാല. ഇതിന്റെ ഇലയിലും തണ്ടിലും വെള്ള കറയുണ്ട്. ഇലകൾക്ക് ദുസ്സഹമായ മണവും കാണപ്പെടുന്നു. ദന്തപാലായുടെ തടിക്ക് വെള്ള നിറനിറമാണ് ഉണ്ടാവുക.ഇവയുടെ പൂക്കൾ വെള്ള നിറത്തിലാണ് കാണപ്പെടുക. പൂങ്കുലയിൽ കാണപ്പെടുന്ന പൂക്കൾക്ക് സുഗന്ധമുണ്ടാവും. ദന്തപ്പാലയുടെ ഇല, പട്ട, വിത്ത് എന്നിവ ഔഷധആവശ്യങ്ങൾക്കായി ഉപയോഗിക്കാറുണ്ട്. ചർമ്മത്തിൽ ഉണ്ടാകുന്ന പലവിധ രോഗങ്ങൾക്കും താരനും ദന്തപ്പാലയുടെ ഇല ചേർത്തുണ്ടാക്കുന്ന എണ്ണ ഔഷധമായി ഉപയോഗിക്കാറുണ്ട്. ദന്തരോഗ ചികിത്സയ്ക്കായും ദന്തപാല ഉപയോഗിക്കാറുണ്ട്.

## പാരിജാതം

*ശാസ്ത്രീയ നാമം : Citharexylum spinosum*
*സസ്യകുടുംബം : Verbenaceae*

വർഷം മുഴുവൻ സുഗന്ധമുള്ള വെളുത്ത പൂക്കളുണ്ടാകുന്ന ഒരു വൃക്ഷമാണ് പാരിജാതം. ഏകദേശം 50 അടിയോളം ഉയരം വയ്ക്കുന്ന ഒരു നിത്യഹരിതവൃക്ഷമാണിത്. ഇവയുടെ ഇലകൾ നല്ല പച്ചനിറത്തോട് കൂടിയവയും തിളക്കമുള്ളവയുമാണ്. ഇവയുടെ കായകൾ ഭക്ഷ്യ യോഗ്യമാണ്. പൂങ്കുലകൾക്ക് ഏകദേശം 30 സെമി വരെ നീളമുണ്ടാകും. കരൾ രോഗങ്ങൾ, ജലദോഷം, ആർത്തവക്രമക്കേടുകൾ എന്നിവയുടെ ചികിത്സയ്ക്കായി ഇവയെ ഉപയോഗിക്കാറുണ്ട്. അലങ്കാര സസ്യമാണ് തണൽ മരമായും ഇവയെ നട്ടുവളർത്താറുണ്ട്.






വേങ്ങോട്
പച്ചത്തുരുത്ത്
വിവിധ
ഘട്ടങ്ങളിൽ...


പച്ചത്തുരുത്ത്
സംസ്ഥാനതല ഉദ്ഘാടനം
ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി



















# മനസ്സിൽ നിന്നും മണ്ണിലേക്ക്

**വേങ്ങോട് പച്ചത്തുരുത്ത് ഒരു അനുഭവ പാഠപുസ്തകമാണ്. വിദ്യാർത്ഥികളും ഗവേഷകരും പരിസ്ഥിതി ശാസ്ത്രജ്ഞരും ഇവിടെ നിരന്തരം സന്ദർശിച്ചുവരികയാണ്. പ്രശസ്ത പരിസ്ഥിതി ശാസ്ത്രജ്ഞനും അധ്യാപകനുമായ പ്രൊഫ. ഇ. കുഞ്ഞിക്കൃഷ്ണൻ വേങ്ങോട് പച്ചത്തുരുത്തിനെക്കുറിച്ച് ഇങ്ങനെ എഴുതുന്നു.:**

പച്ചത്തുരുത്ത് എന്ന ആശയം നമ്മുടെ മനസ്സിൽ നിന്നും മണ്ണിലേക്ക് പകർന്ന ആദ്യ അനുഭവമാണ് വേങ്ങോട് പച്ചത്തുരുത്ത്. ഈ പച്ചത്തുരുത്തിൽ ഒരുപാട് ഇനം ചെടികൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. അവ ഇന്ന് വലിയ മരങ്ങളായി മാറിക്കഴിഞ്ഞു. ഈ ആശയം ഉടലെടുത്തപ്പോൾ പോത്തൻകോട് ഗ്രാമപഞ്ചായത്താണ് ഇതിന് സന്നദ്ധത കാണിച്ച് മാതൃകാ പച്ചത്തുരുത്ത് ഉണ്ടാക്കാൻ മുന്നോട്ടുവന്നത്. റോഡരികിലായാണ് ഈ പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് തന്നെ ഇവിടെ എത്തിച്ചേരാൻ എളുപ്പമാണ്. പച്ചത്തുരുത്ത് ഒരു വിശാലമായ ആശയമാണ്. ഇതിൽ ആഗോള തലത്തിലുള്ള കാഴ്ചപ്പാട് അടങ്ങിയിരിക്കുന്നു. വിവിധ ഇനം ചെടികൾ

ഇവിടെ കാണാൻ സാധിക്കും. പശ്ചിമഘട്ടത്തിൽ മാത്രം കാണാൻ സാധിക്കുന്ന വെള്ള പൈൻ ഉൾപ്പെടെയുള്ളതും തദ്ദേശീയമായതുമായ സസ്യങ്ങളാണ് അധികവും ഇവിടെ കാണാൻ സാധിക്കുന്നത്. കൂടാതെ കണിക്കൊന്ന, നാട്ടിൻപുറങ്ങളിൽ നിന്നും അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന മരോട്ടി, ഉങ്ങ്, നിരവധി ഔഷധ ഗുണങ്ങൾ അടങ്ങിയ അശോകമരം, വേങ്ങ, അർജ്ജുനമരം എന്നറിയപ്പെടുന്ന നീർമരുത്, ഞാവൽമരം, അണലിവേഗം, അപൂർവ്വമായി കാണപ്പെടുന്ന മൂട്ടിപ്പഴം, താന്നി തുടങ്ങിയ നിരവധി സസ്യങ്ങൾ ഇവിടെ കാണാൻ സാധിക്കും. ഇത്തരത്തിൽ അപൂർവ്വമായി കൊണ്ടിരിക്കുന്നതും തദ്ദേശീയവുമായ സസ്യങ്ങളെ വച്ചുപിടിപ്പിച്ച് കൊണ്ട് മണ്ണിൽ പച്ചപ്പ് ഉണ്ടാക്കുന്നതിലൂടെ മനുഷ്യ മനസിലേക്ക് ഈ പച്ചപ്പിനെ എത്തിച്ചുകൊണ്ട് ആഗോളതലത്തിൽ മാറ്റങ്ങൾ ഉണ്ടാക്കുക, മണ്ണ് സംരക്ഷിക്കുക, അപൂർവ്വമായികൊണ്ടിരിക്കുന്ന ചെടികളെ സംരക്ഷിക്കുക തുടങ്ങി മനുഷ്യരാശിയുടെ ഭാവി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നാം നിർവഹിച്ചു വരുന്നത്. പരിസ്ഥിതി സംരക്ഷണം എന്ന ആശയം മനുഷ്യന്റെ ചെറിയ പ്രവൃത്തിയിലൂടെ എങ്ങനെ സമൂഹത്തിലേക്ക് എത്തിക്കാം എന്നതാണ് ഇതിന്റെ സന്ദേശം. പഞ്ചായത്തുകളിലെ ഇത്തരം ചെറിയ പ്രവർത്തനങ്ങൾ ഒത്തുചേരുമ്പോൾ അവയുടെ പ്രതിഫലനം എന്നത് വലുതാണ്. ഇതിലൂടെ കാർബൺ ന്യൂട്രൽ അവസ്ഥ നമുക്ക് കൈവരിക്കാൻ സാധിക്കും. നമ്മുടെ രാജ്യം തന്നെ പാരിസ് എഗ്രിമെന്റിൽ ഒപ്പിട്ട് കാർബൺ ന്യൂട്രൽ അവസ്ഥയിൽ എത്തിച്ചേരുന്നതിനായുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ട ബാധ്യതയിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. ഇത് നമ്മുടെ സംസ്ഥാനത്തിന്റെ പ്രാദേശിക ഭരണകൂടങ്ങളുടെ ആഗോളതലത്തിലുള്ള കാഴ്ചപ്പാടോടുകൂടിയ പരിസ്ഥിതി പ്രതിരോധ പ്രവർത്തനവുമാണ്. ഈയൊരു സാഹചര്യത്തിൽ ഓരോ വാർഡിനും ഓരോ പഞ്ചായത്തിനും ചില കാര്യങ്ങൾ ചെയ്യാൻ സാധിക്കും എന്ന് തെളിയിക്കാൻ കഴിയുന്ന അവസരമാണ് പച്ചത്തുരുത്ത്. ഈ ഒരു ആശയം കുട്ടികളിലും പൊതുജനങ്ങളിലേക്കും എത്തിക്കാനായി പച്ചത്തുരുത്തിലൂടെ സാധിക്കുന്നുണ്ട്.

ആദ്യത്തെ പച്ചത്തുരുത്ത് എന്നി നിലയിൽ വേങ്ങോട് പച്ചത്തുരുത്ത് വലിയ ഒരു വിജയമാണ്. ചെറിയ വിസ്തൃതിയിൽ ആരംഭിച്ച വേങ്ങോട് പച്ചത്തുരുത്ത് തന്നെയാണ് ഇന്ന് കേരളത്തിലുടനീളം വിവിധ വിസ്തൃതികളിൽ സ്ഥാപിച്ചിട്ടുള്ള മറ്റ് പച്ചത്തുരുത്തുകൾക്ക് പ്രചോദനമായി മാറിയത്.

# ഇനിയുമേറെ വേണം പച്ചത്തുരുത്തുകൾ

പ്രകൃതിലേയ്ക്ക് മടങ്ങുക എന്ന ആശയത്തിന് മുമ്പെങ്ങുമില്ലാത്തവിധം ഇന്ന് പ്രചാരമേറുകയാണ്. മനുഷ്യന് ചെടികളോടും പൂക്കളോടുമുള്ള അടങ്ങാത്ത ഇഷ്ടമാണതിനു കാരണം. ഹരിതഭംഗി അത്രമേൽ വശ്യമായ ആകർഷണമാണ് നമ്മുടെ മേൽ ചൊരിയുന്നത്. ഇനിയുമേറെയുണ്ട് നമുക്ക് നടക്കാനും ചെയ്തുതീർക്കാനും. അതിൽ പച്ചത്തുരുത്തിനും ഇടം ഉണ്ടാകണം. കവിവാക്യം അന്വർത്ഥമാക്കുന്നതും അതുതന്നെ.

''മനോഹരം മഹാവനം ഇരുണ്ടഗാധമെങ്കിലും,
അനേകമുണ്ട് കാത്തിടേണ്ട മാമക പ്രതിജ്ഞകൾ
അനക്കമറ്റ നിദ്രയിൽ ലയിപ്പതിന്നുമുന്നിലായ്
എനിക്കതീവ ദൂരമുണ്ടവിശ്രമം നടക്കുവാൻ''

**–റോബർട്ട് ഫ്രോസ്റ്റ്/കടമ്മനിട്ട**



